## കേരള സർക്കാർ

### ധനകാര്യ(ഭവന നിർമ്മാണ വായ്പ)വകുപ്പ്

### സർക്കുലർ

നം.91/2018/ധന    തിരുവനന്തപുരം, തീയതി:04/10/2018

വിഷയം:- സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഭവന നിർമ്മാണ വായ്പ-ഭവന നിർമ്മാണ വായ്പ തുക കൈപ്പറ്റുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നത് 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള രണ്ടാം ഘട്ട ഭവന നിർമ്മാണ വായ്പ അലോട്ട്മെന്റ്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :1) 12/11/2009 തീയതിയിലെ ജി.ഒ.(പി)505/2009/ധന നമ്പർ ഉത്തരവ്.
2) 05/07/2018 തീയതിയിലെ ഭവന നിർമ്മാണ വായ്പാ അലോട്ട്മെന്റ് കത്ത്.
3) 19/09/2018 തീയതിലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള എ.ബി.6/47446/2017/ആ.വ.ഡ. നമ്പർ കത്ത്.
4) സംസ്ഥാന പോലീസ് മേധാവിയിൽ നിന്നുള്ള 25/09/2018 ലെ N4-207890/2016/PHQ നമ്പർ കത്ത്.
5) ഗവൺമെന്റ് സെക്രട്ടേറിയറ്റ് പൊതു ഭരണ വകുപ്പിൽ നിന്നുള്ള 554172/ACC.E3/18/GAD നമ്പർ ഫയൽ.

സൂചന 2-ലെ സർക്കാർ കത്ത് പ്രകാരം 2018-19 സാമ്പത്തിക വർഷം വിവിധ വകുപ്പികളിലേയ്ക്ക് രണ്ടാം ഘട്ട ഭവന നിർമ്മാണ വായ്പ (2017-18) അലോട്ട്മെന്റ് നൽകിയിട്ടുള്ളതും അപേക്ഷകർ 29/09/2018-നകം വായ്പ കൈപ്പറ്റണമെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുവാനായി നൽകിയ അലോട്ട്മെന്റ് പ്രകാരം ഭവന നിർമ്മാണ വായ്പ കൈപ്പറ്റുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകണമെന്ന് സൂചന 3,4,5 പ്രകാരം വകുപ്പ് തലവൻമാർ സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന-2 പ്രകാരം 2018-19

സാമ്പത്തിക വർഷത്തിൽ അലോട്ട് ചെയ്ത് ഭവന നിർമ്മാണ വായ്പ തുക കൈപ്പറ്റുന്ന അവസാന തീയതി 31/10/2018 വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു. ആവശ്യമെങ്കിൽ എല്ലാ വകുപ്പ് തലവൻമാരും ഭവന വായ്പ അനുവദിക്കുന്ന അധികാരികളും വ്യക്തിഗത ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കുകയും 31/10/2018-നകം വായ്പാ തുക പിൻവലിച്ചിരിക്കണം എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. വായ്പാ തുക ടി തീയതിക്കകം പിൻവലിച്ചിട്ടില്ലെങ്കിൽ ആയത് സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും വേണം. അലോട്ട്മെന്റ് കത്തിൽ ഉൾകൊള്ളിച്ചിരിക്കുന്ന കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് സർക്കാരിലേക്ക് അയച്ചുനൽകുകയും വേണം.

**വി.രാജപ്പൻ**
**സ്പെഷ്യൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ്:-

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള തിരുവനന്തപുരം .
3) എല്ലാ വകുപ്പ്/ഓഫീസ് തലവൻമാർക്കും
4) എല്ലാ ജില്ലാ കളക്ടർമാർക്കും.
5) ട്രഷറി ഡയറക്ടർ തിരുവനന്തപുരം.
6) എല്ലാ ജില്ലാ ട്രഷറികളുടേയും /സബ് ട്രഷറികളുടേയും ഓഫീസർമാർക്കും.
7) നോഡൽ ഓഫീസർ ,വെബ്സൈറ്റ് (ഫിനാൻസ്).
8) കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ